REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

തിയ്യതി: 03-08-2024 സമയം 12.30 PM

## പ്രധാന വാർത്തകൾ

- വയനാട് ദുരന്തത്തിൽ രക്ഷാപ്രവർത്തനം അവസാനഘട്ടത്തിലേക്ക് കടക്കുകയാണെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ. അഞ്ചാം ദിവസത്തെ തെരച്ചിൽ പുരോഗമിക്കുന്നു.
- വയനാട്ടിലെ പുനഃരധിവാസം സമഗ്രമായി നടപ്പാക്കുമെന്ന് മന്ത്രി K. രാജൻ.
- വയനാട്ടിലേക്ക് അനാവശ്യ യാത്രകൾ പൂർണമായി ഒഴിവാക്കണമെന്ന് മന്ത്രി P.A മുഹമ്മദ് റിയാസ്.
- ക്ഷേത്രങ്ങളിലും തീർത്ഥഘട്ടങ്ങളിലും കർക്കടക വാവ് ബലിതർപ്പണ ചടങ്ങുകൾ തുടരുന്നു.
- പാരീസ് ഒളിമ്പിക്സിൽ മൂന്നാം മെഡൽ മോഹവുമായി മനു ഭാക്കർ അൽപസമയത്തിനകം മത്സരത്തിനിറങ്ങും.

## വാർത്തകൾ വിശദമായി

വയനാട് ദുരന്തത്തിൽ രക്ഷാപ്രവർത്തനം അവസാനഘട്ടത്തിലേക്ക് കടക്കുകയാണെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ പറഞ്ഞു. ചാലിയാർ പുഴയിൽനിന്ന് ലഭിക്കുന്ന ശരീരഭാഗങ്ങൾ തിരിച്ചറിയുന്നത് എറെ പ്രയാസകമാണെന്നും മുഖ്യമന്ത്രി പറഞ്ഞു. തിരിച്ചറിയാത്ത മൃതദേഹങ്ങൾ സർവമതപ്രാർഥനയോടെ സംസ്കരിക്കും.

ദുരന്തബാധിതരുടെ പുനരധിവാസത്തിന് പ്രത്യേക ടൗൺഷിപ്പ് സംബന്ധിച്ച് ചർച്ച തുടങ്ങി. മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയുടെ പ്രവർത്തനങ്ങൾ കാര്യക്ഷമമായി ഏകോപിപ്പിക്കാൻ നടപടി സ്വീകരിക്കും.

ദുരന്തത്തിന്റെ പശ്ചാത്തലത്തിൽ പ്രദേശത്തെ കുട്ടികളുടെ വിദ്യാഭ്യാസത്തിന് ബദൽ സൗകര്യമൊരുക്കുന്നത് ഏകോപിപ്പിക്കാൻ മന്ത്രി V. ശിവൻകുട്ടി ജില്ലയിലെത്തുമെന്നും മുഖ്യമന്ത്രി പറഞ്ഞു.

പ്രകൃതി ദുരന്തങ്ങളുടെ മുന്നറിയിപ്പ് സംവിധാനത്തിൽ കാലോചിതമായ മാറ്റങ്ങൾ കൊണ്ടുവരേണ്ടതുണ്ട്. കാലാവസ്ഥാ വ്യതിയാനവുമായി ബന്ധപ്പെട്ട പ്രകൃതി ദുരന്തങ്ങളുടെ ആഘാതം ലഘൂകരിക്കാൻ ഗവൺമെന്റ് പ്രതിജ്ഞാബദ്ധമാണെന്നും മുഖ്യമന്ത്രി അറിയിച്ചു.

✪✪✪

വയനാട് ദുരന്തബാധിത പ്രദേശത്തെ തിരച്ചിൽ അഞ്ചാം ദിവസമായ ഇന്നും രാവിലെ തുടങ്ങി. മുണ്ടക്കൈ, പുഞ്ചിരിമട്ടം പ്രദേശങ്ങൾ കേന്ദ്രീകരിച്ചാണ് തിരച്ചിൽ. മണ്ണിനും കെട്ടിടാവശിഷ്ടങ്ങൾക്കുമിടയിൽ മനുഷ്യാധ്വാനവും യന്ത്രോപകരണങ്ങളും അത്യാധുനിക സെൻസറുകളും ഉപയോഗിച്ചാണ് തിരച്ചിൽ പുരോഗമിക്കുന്നത്. കൂടുതൽ മണ്ണുമാന്തി യന്ത്രങ്ങളും തിരച്ചിലിനായി ഉപയോഗിക്കുന്നുണ്ട്. വിവിധ സംഘങ്ങളായി തിരിഞ്ഞ് വ്യത്യസ്ത പ്രദേശങ്ങൾ കേന്ദ്രീകരിച്ചാണ് തിരച്ചിൽ.

കല്പറ്റ, വൈത്തിരി, മുട്ടിൽ, കണിയാമ്പറ്റ, തൊണ്ടർനാട് എടവക, മുള്ളങ്കൊല്ലി പൊതുശ്മശാനങ്ങളിൽ സംസ്കാരത്തിന് സൗകര്യമൊരുക്കുന്നുണ്ട്.

ചൂരൽമല, മുണ്ടക്കൈ ദുരന്തബാധിതരെ താമസിപ്പിച്ചിരിക്കുന്ന ക്യാമ്പുകളിൽ അനാവശ്യ സന്ദർശനം ഒഴിവാക്കണമെന്ന് വയനാട്ടിൽ ക്യാമ്പു ചെയ്യുന്ന മന്ത്രിസഭാ ഉപസമിതി അഭ്യർത്ഥിച്ചു.

✪✪✪

വയനാട്ടിലെ ദുരന്ത നിവാരണ പ്രവർത്തനങ്ങൾക്കും തെരച്ചിലിനും സൈന്യം ഒരു സേവർ റഡാറും നാല് റെക്കോ റഡാറുകളും ഇന്ന് കൊണ്ടുവരും. സംസ്ഥാന ഗവൺമെന്റിന്റെ അഭ്യർത്ഥന മാനിച്ചാണ് നടപടി. മണ്ണിനടിയിൽ പെട്ടവരുടെ ശരീരങ്ങൾ കണ്ടെത്താനും അവശ്യ സേവനങ്ങൾ ഉറപ്പാക്കാനുമാണ് തുടർ ശ്രമങ്ങളെന്ന് സൈനിക കേന്ദ്രങ്ങൾ അറിയിച്ചു.

✪✪✪

വയനാട് ദുരന്തത്തിന്റെ പശ്ചാത്തലത്തിൽ ചാലിയാറിൽ ഇന്നും തിരച്ചിൽ തുടരുന്നു. പുഴയുടെ വയനാട്, മലപ്പുറം, കോഴിക്കോട് പ്രദേശങ്ങളിലാണ് തിരച്ചിൽ. ഡ്രോണുകൾ, ബോട്ട്, ഡിങ്കി, തോണി എന്നിവ തിരച്ചിലിന് ഉപയോഗിക്കുന്നുണ്ട്. ഹെലികോപ്റ്ററുകളും പരിശോധനയ്ക്കായി സജ്ജമാക്കി. കഡാവർ നായ്ക്കളും ചാലിയാറിലെ തിരച്ചിലിന് എത്തിയിട്ടുണ്ട്.

✪✪✪

വയനാട്ടിലെ പുനരധിവാസം സമഗ്രമായി നടപ്പാക്കുമെന്ന് മന്ത്രി K. രാജൻ പറഞ്ഞു. ദുരന്തമേഖലയിലെ ഒറ്റപ്പെട്ട കെട്ടിടങ്ങൾ പൊളിച്ചുനീക്കാൻ മന്ത്രി നിർദേശം നല്കി. തിരച്ചിലിൽ ലഭിച്ച ശരീരഭാഗങ്ങൾ സംസ്കരിക്കുന്നതിന് 9 ഏക്കർ സ്ഥലം പ്രത്യേകമായി കണ്ടെത്തിയെന്നും മന്ത്രി വയനാട്ടിൽ അറിയിച്ചു.

✪✪✪

വയനാട്ടിലേക്ക് അനാവശ്യ യാത്രകൾ പൂർണമായി ഒഴിവാക്കണമെന്ന് മന്ത്രി P.A മുഹമ്മദ് റിയാസ് ആവശ്യപ്പെട്ടു. അനാവശ്യമായി എത്തുന്നവർ രക്ഷാപ്രവർത്തനത്തിന് തടസ്സം സൃഷ്ടിക്കുന്നു. ഇത്തരം വാഹനങ്ങൾ തടയേണ്ടിവരുമെന്നും മന്ത്രി അറിയിച്ചു. സ്വകാര്യതയും ശുചിത്വവും ഉൾപ്പെടെ കാര്യങ്ങൾ പരിഗണിച്ച് ദുരിതാശ്വാസ ക്യാമ്പുകളിലേക്കും സന്ദർശനത്തിന് നിയന്ത്രണമേർപ്പെടുത്തിയതായി മന്ത്രി അറിയിച്ചു.

✪✪✪

വയനാട് ദുരന്തത്തിലെ രക്ഷാദൗത്യത്തിൽ അണിനിരന്ന എല്ലാവരെയും അഭിനന്ദിക്കുന്നതായി നടനും ലെഫ്റ്റനന്റ് കേണലുമായ മോഹൻലാൽ പറഞ്ഞു. ചൂരൽമലയിൽ ദുരന്തബാധിത പ്രദേശം സന്ദർശിച്ചശേഷം മാധ്യമങ്ങളോട് സംസാരിക്കുകയായിരുന്നു അദ്ദേഹം. രാജ്യം കണ്ട ഏറ്റവും വലിയ ദുരന്തങ്ങളിലൊന്നാണ് വയനാട്ടിലുണ്ടായതെന്നും രക്ഷാദൗത്യത്തിൽ എല്ലാവരും ഒറ്റക്കെട്ടായി നിൽക്കണമെന്നും അദ്ദേഹം പറഞ്ഞു. പുനഃരധിവാസ പ്രവർത്തനങ്ങൾക്കായി

വിശ്വശാന്തി ഫൌണ്ടേഷന്റെ ആഭിമുഖ്യത്തിൽ മൂന്ന് കോടി രൂപ നൽകുമെന്നും അദ്ദേഹം അറിയിച്ചു.

കോഴിക്കോടുനിന്ന് റോഡുമാർഗം രാവിലെ പത്തോടെ ചൂരൽമലയിലെത്തിയ മോഹൻലാൽ, ആർമി ക്യാമ്പിലെത്തിയ ശേഷമാണ് ദുരന്തബാധിത പ്രദേശങ്ങൾ സന്ദർശിച്ചത്. മുണ്ടക്കൈയിലും പുഞ്ചിരിമട്ടത്തുമെത്തിയ മോഹൻലാൽ രക്ഷാദൌത്യം ഏകോപിപ്പിക്കുന്ന സൈനികരുമായി സംവദിച്ചു.

✪✪✪

വയനാട്ടിലെ ദുരന്തബാധിത മേഖലകളിലേക്ക് പാകം ചെയ്ത ഭക്ഷണമോ ഭക്ഷ്യപദാർത്ഥങ്ങളോ കൊണ്ടുവരേണ്ടതില്ലെന്ന് ജില്ലാ കലക്ടർ അറിയിച്ചു. തിരച്ചിൽ നടത്തുന്നവർക്ക് മേപ്പാടിയിലെ പൊതു അടുക്കളയിലാണ് ഭക്ഷണം തയ്യാറാക്കുന്നത്. ഇത് ജില്ലാ ഭക്ഷ്യസുരക്ഷ ഓഫീസറുടെ മേൽനോട്ടത്തിൽ ചൂരൽമലയിൽ എത്തിക്കുമെന്നും പ്രത്യേകം നിയോഗിച്ച അഗ്നിരക്ഷാ സേനാംഗങ്ങൾ വിതരണം ചെയ്യുമെന്നും കലക്ടർ അറിയിച്ചു. അപകടസാധ്യത മുൻനിർത്തിയാണ് പൊതുജനങ്ങൾ നേരിട്ട് ഭക്ഷണവിതരണം നടത്തുന്നതിന് നിയന്ത്രണം ഏർപ്പെടുത്തിയതെന്നും കലക്ടർ അറിയിച്ചു.

✪✪✪

ദുരിതാശ്വാസ ക്യാമ്പിൽ കഴിയുന്നവർ ശുചിത്വം ഉറപ്പാക്കണമെന്ന് വയനാട് ജില്ലാ മെഡിക്കൽ ഓഫീസർ അറിയിച്ചു. ഭക്ഷണപദാർഥങ്ങൾ കൈകാര്യം ചെയ്യുമ്പോൾ

അതീവ ശ്രദ്ധ വേണമെന്നും പനിയോ മറ്റ് രോഗലക്ഷണങ്ങളോ ഉണ്ടെങ്കിൽ ക്യാമ്പിലെ മറ്റ് അന്തേവാസികളുമായി ഇടപഴകരുതെന്നും DMO അറിയിച്ചു.

✪✪✪

വയനാട് ഉരുൾപൊട്ടലിന്റെ പശ്ചാത്തലത്തിൽ പകർച്ചവ്യാധി പ്രതിരോധത്തിന് ജില്ലാതല മോണിറ്ററിംഗ് ടീമിനെ നിയോഗിച്ചതായി മന്ത്രി വീണാ ജോർജ് അറിയിച്ചു. ക്യാമ്പുകളിൽ കർശന ജാഗ്രത പുലർത്തണം. എലിപ്പനി, ഡെങ്കിപ്പനി, വയറിളക്കം, ഹെപ്പറ്റൈറ്റിസ്, ചിക്കൻപോക്സ് എന്നിവ ഉണ്ടാകാതെ ശ്രദ്ധിക്കണമെന്ന് മന്ത്രി നിർദ്ദേശിച്ചു.

✪✪✪

മുഖ്യമന്ത്രി പിണറായി വിജയൻ ഒരു ലക്ഷം രൂപയും ഭാര്യ കമല 33,000 രൂപയും ദുരിതാശ്വാസ നിധിയിലേക്ക് സംഭാവന നൽകി.

ദുരിതാശ്വാസ നിധിയിലേക്ക് സംഭാവന നടത്തുന്നതിനെതിരെ പ്രചാരണം നടത്തിയ രണ്ടുപേർക്കെതിരെ മുണ്ടക്കയം പൊലീസ് കേസെടുത്തു. വ്യാജ പ്രചാരണങ്ങൾക്കെതിരെ സാമൂഹ്യ മാധ്യമങ്ങളിൽ പൊലീസ് നിരീക്ഷണം നടത്തി വരുന്നുണ്ട്.

✪✪✪

മണ്ണിടിച്ചിൽ സാധ്യത നിലനിൽക്കുന്നതിനാൽ നെല്ലിയാമ്പതിചുരം റോഡ് പൂർണ്ണമായും സഞ്ചാര യോഗ്യമാകുന്നതുവരെ സഞ്ചാരികൾ യാത്ര ഒഴിവാക്കണമെന്ന് പാലക്കാട് ജില്ലാ ഭരണകൂടം ആവശ്യപ്പെട്ടു.

മണ്ണിടിഞ്ഞു ഒറ്റപ്പെട്ട നെല്ലിയാമ്പതിയിലേക്ക് ഗതാഗതം ഭാഗികമായി പുനഃസ്ഥാപിച്ചു. ഒരു ഭാഗത്തേക്ക് വാഹനങ്ങൾക്ക് കടന്നു പോകാൻ കഴിയും വിധം ക്രമീകരണമാണ് ഏർപ്പെടുത്തിയിരിക്കുന്നത്.

✪✪✪

കോഴിക്കോട് വിലങ്ങാട് ഉരുൾപ്പൊട്ടലുണ്ടായ സ്ഥലത്ത് കൂടുതൽ പരിശോധന നടത്തി, പുനരധിവാസത്തിന് ആവശ്യമായതെല്ലാം ചെയ്യുമെന്ന് മന്ത്രി റോഷി അഗസ്റ്റിൻ പറഞ്ഞു. വിലങ്ങാട് പ്രദേശവും, ദുരിതാശ്വാസ ക്യാമ്പുകളും സന്ദർശിച്ച ശേഷമാണ് മന്ത്രി ഇക്കാര്യം അറിയിച്ചത്. സുരക്ഷാ ഭീഷണി നേരിടുന്ന ക്യാമ്പുകൾ മറ്റ് സ്കൂളിലേക്ക് മാറ്റാൻ മന്ത്രി നിർദ്ദേശിച്ചു. ഉരുൾപ്പൊട്ടലിൽ മരിച്ച മാത്യുവിന്റെ വീട് സന്ദർശിച്ച മന്ത്രി, കുടുംബത്തെ ആശ്വസിപ്പിച്ചു.

✪✪✪

രാജ്യത്തെ കാർഷികമേഖലയിലെ വൈവിധ്യമാണ് ഇന്ത്യയെ ലോക ഭക്ഷ്യസുരക്ഷയുടെ പ്രതീക്ഷയാക്കി മാറ്റുന്നതെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി പറഞ്ഞു. കാർഷിക - സാമ്പത്തിക ശാസ്ത്രജ്ഞരുടെ 32-ാമത് രാജ്യാന്തര സമ്മേളനം ഡൽഹിയിൽ ഉദ്ഘാടനം ചെയ്യുകയായിരുന്നു പ്രധാനമന്ത്രി.

ഇന്ത്യയിൽ 15 കാർഷിക കാലാവസ്ഥ മേഖലകളുണ്ട്. പ്രാദേശിക കൃഷിരീതികളിൽ രാജ്യം വൈവിധ്യം പുലർത്തുന്നു. ഇന്ന് ഇന്ത്യ അധികമായി ഭക്ഷ്യോല്പാദനം നടത്തുന്ന രാജ്യമാണ്. പാൽ, സുഗന്ധവ്യഞ്ജനം, ധാന്യങ്ങൾ തുടങ്ങിയവയുടെ ഉല്പാദനത്തിൽ നാം ഒന്നാമതാണ്. ഒരുഘട്ടത്തിൽ ഇന്ത്യയുടെ

ഭക്ഷ്യസുരക്ഷ ആഗോള ആശങ്കയായിരുന്നുവെങ്കിൽ ഇന്ന് ആഗോള ഭക്ഷ്യസുരക്ഷയ്ക്കും പോഷകസുരക്ഷയ്ക്കും ഇന്ത്യ പരിഹാരം കാണുകയാണെന്നും പ്രധാനമന്ത്രി പറഞ്ഞു.

കാലാവസ്ഥാ വ്യതിയാനം, പ്രകൃതിവിഭവ ശോഷണം, ഉയർന്ന ഉത്പാദന ചെലവ് എന്നിവയടക്കം ലോകം നേരിടുന്ന പ്രശ്നങ്ങൾ സമ്മേളനം ചർച്ച ചെയ്യും. 75 രാജ്യങ്ങളിലെ ആയിരത്തിലേറെ പ്രതിനിധികളാണ് സമ്മേളനത്തിൽ പങ്കെടുക്കുന്നത്.

✪✪✪

പിതൃസ്മരണയിൽ ഇന്ന് കർക്കടക വാവുബലി. പ്രമുഖ ക്ഷേത്രങ്ങളിലും തീർത്ഥഘട്ടങ്ങളിലും പുലർച്ചെ മുതൽ ബലിതർപ്പണം ആരംഭിച്ചു. അഷ്ടമുടി ത്രിവേണി സംഗമം, ആലുവ, ചേലാമറ്റം, തിരുനാവായ, തിരുനെല്ലി, വരയ്ക്കൽ, ശ്രീകണ്ഠേശ്വരക്ഷേത്രം, മൂടാടി ഉരുപുണ്യക്കാവ്, കടലുണ്ടി വാക്കടവ് തീരം, തലശ്ശേരി ജഗന്നാഥ ക്ഷേത്രം, പയ്യാമ്പലം കടപ്പുറം, മുഴപ്പിലങ്ങാട്, എന്നിവയടക്കം കേന്ദ്രങ്ങളിലെല്ലാം ബലിതർപ്പണത്തിന് പ്രത്യേക സൗകര്യങ്ങളും സുരക്ഷാ സംവിധാനങ്ങളും ഏർപ്പെടുത്തിയിട്ടുണ്ട്.

പ്രകൃതിദുരന്ത സാഹചര്യത്തിൽ ബലിതർപ്പണ കേന്ദ്രങ്ങൾക്ക് പ്രത്യേക സംരക്ഷണമൊരുക്കണമെന്ന് ഹൈക്കോടതി നിർദ്ദേശിച്ചിരുന്നു.

✪✪✪

കർക്കടക വാവുബലിയുമായി ബന്ധപ്പെട്ട് തിരുവനന്തപുരം ജില്ലയിലെ വിവിധ കേന്ദ്രങ്ങളിൽ ബലി തർപ്പണ ചടങ്ങുകൾ നടന്നു.

കൂടുതൽ വിവരങ്ങളുമായി ആകാശവാണി തിരുവനന്തപുരം ജില്ലാ പ്രതിനിധി റെജു കോലിയക്കോട്

...........വോയ്സ്..........

✪✪✪

പാരിസ് ഒളിമ്പിക്സിൽ മൂന്നാം മെഡൽ ലക്ഷ്യമിട്ട് മനുഭാക്കർ ഇന്ന് മത്സരിക്കും. വനിതകളുടെ 25 മീറ്റർ പിസ്റ്റൾ ഷൂട്ടിങ് മത്സരം അല്പസമയത്തിനകം ആരംഭിക്കും. 71 കിലോ പുരുഷ ബോക്സിങ് ക്വാർട്ടർ ഫൈനലിൽ നിഷാന്ത് ദേവും ഇന്ന് ഇന്ത്യയ്ക്കായി മത്സരിക്കുന്നുണ്ട്. പുരുഷ വിഭാഗം ഗോൾഫ് മൂന്നാം റൗണ്ട്, അമ്പെയ്ത്ത്, സെയ്‌ലിങ് ഇനങ്ങളിലും ഇന്ത്യ ഇന്ന് മത്സരിക്കും.

ഇന്നലെ പുരുഷ ബാഡ്മിന്റണിൽ ലക്ഷ്യസെൻ സെമിയിലെത്തി. ഫൈനലിൽ സിംഗപ്പൂർ താരവും 2021 ലോക ചാമ്പ്യനുമായ ലോ കിയൻ യൂവിനെ-യാണ് ലക്ഷ്യസെൻ നേരിടുക. പുരുഷ ഹോക്കി പൂൾ-ബി മത്സരത്തിൽ ഇന്ത്യ ഓസ്ട്രേലിയയെ 3-2 ന് പരാജയപ്പെടുത്തി.

✪✪✪

ഇന്ത്യ-ശ്രീലങ്ക ഏകദിന ക്രിക്കറ്റ് പരമ്പരയിലെ രണ്ടാം മത്സരം നാളെ. ഇന്നലെ ആദ്യമത്സരം ആവേശകരമായ ടൈ-യിൽ പിരിഞ്ഞു. ശ്രീലങ്കയുടെ 230 റൺസ്

വിജയലക്ഷ്യത്തിലേക്ക്  ഒരു റൺ മാത്രം ബാക്കിനിൽക്കെ തുടർച്ചയായ പന്തുകളിൽ ഇന്ത്യയ്ക്ക് രണ്ടു വിക്കറ്റ് നഷ്ടമായതോടെയാണ് മത്സരം ടൈ-യിൽ  അവസാനിച്ചത്.

✪✪✪

വടക്കൻ കേരളത്തിൽ ഇന്നും മഴ തുടരും. ശക്തമായ മഴ സാധ്യത കണക്കിലെടുത്ത് ഇന്ന് നാല് ജില്ലകളിൽ മഞ്ഞ ജാഗ്രത നൽകി. കാസർകോട്, കണ്ണൂർ, വയനാട്, കോഴിക്കോട് ജില്ലകളിലാണ് ജാഗ്രതാ നിർദേശം.

✪✪✪

മഴക്കെടുതിയെ തുടർന്ന് കണ്ണൂർ ജില്ലയിൽ പത്തു ക്യാമ്പുകൾ പ്രവർത്തിക്കുന്നുണ്ട്. 106 കുടുംബങ്ങളിലെ  374 അംഗങ്ങളാണ്  ക്യാമ്പുകളിൽ കഴിയുന്നത്.

✪✪✪

കോഴിക്കോട് ജില്ലയിൽ മഴയുടെ ശക്തി കുറയുകയും വെള്ളം  ഇറങ്ങിത്തുടങ്ങുകയും ചെയ്തതോടെ ദുരിതാശ്വാസ ക്യാമ്പുകളിൽ നിന്നും ആളുകൾ വീടുകളിലേക്ക് മടങ്ങി തുടങ്ങി. 38 ക്യാമ്പുകൾ ഒഴിവാക്കി. നിലവിൽ 43 ക്യാംപുകളിലായി  2,685 ആളുകളാണ് കഴിയുന്നത്. കക്കോടി വില്ലേജിൽ ഇന്നലെ  രണ്ട് ക്യാമ്പുകൾ കൂടി  തുറന്നു.

✪✪✪

പാലക്കാട്  ജില്ലയിലെ വിനോദസഞ്ചാര കേന്ദ്രങ്ങളായ മലമ്പുഴ, കാഞ്ഞിരപ്പുഴ, പോത്തുണ്ടി, മംഗലം  ഡാം എന്നിവ തുറന്നു. മഴക്കെടുതിയുടെ പശ്ചാത്തലത്തിൽ നേരത്തെ ഈ കേന്ദ്രങ്ങൾ താല്ക്കാലികമായി അടച്ചിരുന്നു. അതേസമയം

ജില്ലയിലെ വെള്ളച്ചാട്ടങ്ങളിലേക്ക് ഇനിയൊരു അറിയിപ്പ് ഉണ്ടാവുന്നതുവരെ പ്രവേശനം അനുവദിക്കില്ലെന്ന് ജില്ലാ കലക്ടർ അറിയിച്ചു.

✪✪✪

അമ്പലപ്പുഴ - തിരുവല്ല സംസ്ഥാന പാതയിലെ തകഴി റെയിൽവേ ലെവൽക്രോസ് ലോറിയിടിച്ച് തകർന്നതിനെത്തുടർന്ന് ഗതാഗത നിയന്ത്രണം ഏർപ്പെടുത്തി. ആലപ്പുഴ - അമ്പലപ്പുഴ - തകഴി ആശുപത്രി ജംഗ്ഷൻ വരെയും, തിരുവല്ല, എടത്വ ഭാഗങ്ങളിൽ നിന്ന് തകഴി ക്ഷേത്രം വരെയും KSRTC സർവീസ് നടത്തുന്നുണ്ട്.

✪✪✪

സുപ്രീം കോടതിയുടെ പ്രത്യേക അദാലത്തുകളിൽ അവസാനത്തേത് ഇപ്പോൾ നടക്കുകയാണ്. പരമോന്നത കോടതിയുടെ 75-ാം വാർഷികത്തിന്റെ ഭാഗമായാണ് പ്രത്യേക അദാലത്തുകൾ സംഘടിപ്പിച്ചത്. പരാതിക്കാർക്ക് ഏറ്റവും ലളിതമായും വേഗത്തിലും നീതി ലഭ്യമാക്കുകയാണ് പ്രത്യേക അദാലത്തിന്റെ ലക്ഷ്യം.

✪✪✪